# CHARTER OF URI (MALAYALAM)
# യുണൈറ്റഡ് റിലിജിയൻസ് ഇനിഷ്യേറ്റിവ് (URI)

വിവിധ മതവിഭാഗങ്ങളുടെ ദൈനംദിനമുള്ള പരസ്പര സഹവർത്തിത്വം ഉറപ്പാക്കുന്നതിനും, മതപ്രേരിതമായ അക്രമങ്ങൾ അവസാനിപ്പിക്കുന്നതിനും, സമാധാനത്തിലും നീതിയിലും പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളുടെയും സൗഖ്യത്തിലും അധിഷ്ഠിതമായ ഒരു സംസ്ക്കാരം കെട്ടിപ്പടുക്കുന്നതിനും സമർപ്പിതമായ, അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു ആഗോള കൂട്ടായ്മയാണ് URI.

ലോകത്താകമാനം, സർവ്വഭൂഖണ്ഡങ്ങളിലും പ്രവർത്തിക്കുന്ന URI സമൂഹം, വ്യത്യസ്ത മതങ്ങളിൽ നിന്നും ആദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ നിന്നും മൗലികവും പ്രാദേശികവുമായ സംസ്കൃതികളിൽ നിന്നുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ദൃഢമായ ആഗോള കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പുതിയ തലങ്ങൾ സ്പർശിക്കുകയാണ്. ഇന്ന്, URI യുടെ പിറവിയോടെ ഒരു നല്ല ലോകത്തെക്കുറിച്ചുള്ള മനുഷ്യന്റെ പ്രത്യാശ വാനോളമുയർന്നിരിക്കുന്നു. ഈ നല്ല ലോകത്തിൽ പുരാതന ജ്ഞാന സംസ്ക്കാരത്തിന്റെ ദർശനങ്ങളും മൂല്യങ്ങളുമാണ് ജനങ്ങളുടെ സേവന വ്യഗ്രതയ്ക്ക് മാർഗ്ഗദർശകങ്ങളാകുന്നത്. അവിടെ ജനങ്ങൾ തങ്ങളുടെ വിശ്വാസ പ്രമാണങ്ങളെ പരസ്പരം മാനിക്കുകയും തങ്ങളുടെ ശേഷിയും ശേമുഷിയും മുഴുവൻ മാനവ സമൂഹത്തിന് സാന്ത്വനവും പ്രത്യാശാനിർഭരമായ ഒരു ഭാവിയും നല്കുവാൻ ഉതകുമാറ് പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. URI കാലക്രമത്തിൽ യുണൈറ്റഡ് നേഷൻസിന്റെ സമഗ്രവീക്ഷണമാണ് ലക്ഷ്യമിടുന്നത്.

1996 മുതൽ ആയിരക്കണക്കിനാളുകൾ തങ്ങളുടെ മൂല്യദർശനങ്ങൾ പങ്കുവയ്ക്കുകയും URI സംസ്ഥാപിതമാകുന്നതിലേക്ക് കൂട്ടായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആദ്ധ്യാത്മ മൂല്യങ്ങളുടെ പങ്കുവയ്ക്കലിലൂടെ ലോക നന്മ ഉറപ്പുവരുത്തുന്ന ഒരു പുത്തൻ സംരഭമത്രേ ഇത്. വ്യത്യസ്തമാർന്ന സംസ്ക്കാരങ്ങളും കാഴ്ചപാടുകളുമുള്ള വ്യക്തികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ രൂപീകൃതമായ ഈ പ്രസ്ഥാനം, ശ്രേണീബദ്ധമല്ലാത്തതും വികേന്ദ്രീകൃതവും വൈവിദ്ധ്യങ്ങളെ ഉൾക്കൊള്ളുന്നതുമാണ്. പരസ്പരം സഹവർത്തിത്വത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും ഊന്നൽ നൽകുന്നതു കൂടാതെ സ്വയംഭരണാവകാശം ഉറപ്പാക്കുകയും ചെയ്യുന്നു. വൈവിദ്ധ്യമാർന്ന സംസ്കൃതികൾക്കുടമകളായ ജനങ്ങളുടെ ഇത്തരത്തിലുള്ള ഒരു സഹകരണ സംരംഭം അനുപമമായ ഒരു പ്രവർത്തന സംസ്കാരമത്രേ ഉറപ്പാക്കുന്നത്. ഇവിടെ സ്വയം രൂപീകൃതമായ ചെറുക്കൂട്ടങ്ങൾ പ്രാദേശികമായി പ്രവർത്തിക്കുന്നതോടൊപ്പം ആഗോളതലത്തിൽ ദൃഢബന്ധത്തിലായിരിക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഉയർന്ന വൈവിദ്ധ്യപൂർണ്ണമായ ശബ്ദങ്ങളുടെ സമന്വയമാണ് URI ചാർട്ടറി (മാർഗ്ഗരേഖ)ന് ആവിഷ്കാരം നൽകിയത്. ഈ ചാർട്ടറിന്റെ സാരസംഗ്രഹമായ മൂല്യങ്ങളും ദർശനങ്ങളും സത്തയുമെല്ലാം ഇതിന്റെ അവതാരികയിലും (Preamble) പ്രമാണങ്ങളിലും (Principles), ഉദ്ദേശ്യപ്രസ്താവനയിലും (Purpose) സുവിദിതമാക്കിയിട്ടുണ്ട്. അവയുടെ സമഗ്രതയാണ് URI സംരഭങ്ങൾക്ക് പ്രചോദനവും അധിഷ്ഠാനവും മാർഗ്ഗരേഖയുമായി വർത്തിക്കുന്നത്. ഈ ചാർട്ടർ താഴെക്കാണും പ്രകാരം വിഭാഗിക്കപ്പെട്ടിരിക്കുന്നു:

**അവതാരിക (Preamble)**

താമസംവിന URI പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും ദിനംപ്രതി URI യൂണിറ്റുകൾ സൃഷ്ടിക്കുന്നതിനും പ്രചോദനം നൽകുന്ന ആഹ്വാനം.

**ഉദ്ദേശ്യം (Purpose)**

ഒരു പൊതു താൽപര്യത്തിലേക്ക് നമ്മെ ഒന്നിപ്പിക്കുന്നതിനുള്ള പ്രസ്താവന

**പ്രമാണങ്ങൾ (Principles)**

URIയുടെ ഘടനയെയും തീരുമാനങ്ങളെയും ഉള്ളടക്കത്തെയും നിർവചിക്കുന്ന അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ OR

(URI യുടെ ഘടനയ്ക്കും തീരുമാനങ്ങൾക്കും ഉളടക്കത്തിനും മാർഗ്ഗരേഖയാകുന്ന അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ)

**ഘടനാപരമായ രൂപരേഖ (Organisation Design)**

URI സമൂഹത്തിന്റെ പരസ്പര സഹകരണം ഊർജ്ജസ്വലമാക്കുന്നതിനും അതിന്റെ സത്തയ്ക്കു തിളക്കമേറ്റുന്നതിനുമുള്ള സംഘടനാപരമായ നിർദ്ദേശങ്ങൾ.

**പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖകൾ (Guidelines for action)**

ആഗോള URI സമൂഹത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രചോദനം നൽകുന്നതിനുമുള്ള പ്രവർത്തന പദ്ധതി.

ആഗോള URI പ്രസ്ഥാനത്തിന് ജൂൺ, 2000-ൽ തുടക്കമായി. ഈ മഹത്തായ സംരംഭത്തിന്റെ വളർച്ചയിൽ പങ്കാളിയാകുവാൻ, ലോകത്തിന്റെ നന്മയ്ക്കായി പരിശ്രമിക്കുന്ന ഈ അസാധാരണ ദൗത്യസംഘത്തിൽ അണിചേരുവാൻ താങ്കളെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. URI യുടെ നിരന്തരമായ സൃഷ്ടിപ്രക്രിയയിൽ പങ്കുചേരുവാൻ താങ്കൾക്കുള്ള ക്ഷണപ്പത്രമത്രേ ഈ ചാർട്ടർ.

താങ്കൾക്കു സ്വാഗതം!

**അവതാരിക (Preamble)**

ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന മതങ്ങളിൽ നിന്നും ആദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ നിന്നും മൗലികവും പ്രാദേശികവുമായ സംസ്കൃതികളിൽ നിന്നുമുള്ള നാം ഒരുമിച്ച് യുണൈറ്റഡ് റെലിജിയസ് ഇനിഷ്യേറ്റീവ് സംസ്ഥാപിക്കുന്നു. വിവിധ മതസ്ഥർ തമ്മിൽ, നിലനില്ക്കുന്ന സൗഹാർദ്ദവും സഹവർത്തിത്വവും ഉറപ്പുവരുത്തുക, മതപ്രേരിതങ്ങളായ അക്രമങ്ങൾക്കും അനീതികൾക്കും അറുതിവരുത്തുക, സമാധാനത്തിലും നീതിയിലും ഭൂമിയുടെയും സകല ജീവജാലങ്ങളുടെയും സൗഖ്യത്തിലും അധിഷ്ഠിതമായ ഒരു സംസ്ക്കാരം സൃഷ്ടിക്കുക എന്നതത്രേ നമ്മുടെ പ്രഖ്യാപിത ലക്ഷ്യം.

ഏതൊരു വിശ്വാസ പാരമ്പര്യത്തിന്റെയും മൗലികതയും/തനിമയും, വിശ്വാസാചാരങ്ങൾ തമ്മിലുള്ള അന്തരവും നാം മാനിക്കുന്നു.

ഇതര മതസ്ഥരെ മാനിക്കുന്ന വേറിട്ട ശബ്ദങ്ങൾക്കു നാം വില കല്പിക്കുന്നു; മൂല്യങ്ങളും ആത്മിക ജ്ഞാനവും ധാരണകളും പരസ്പരം പങ്കുവയ്ക്കുന്നതിലൂടെ ലോകസമഗ്രതക്കായി പ്രവർത്തിക്കുവാനാകുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

നമ്മുടെ മതപരവും അദ്ധ്യാത്മികവുമായ ജീവിതം വിഭാഗീയത സൃഷ്ടിക്കുന്നതിനു പകരം, പരസ്പരം ബഹുമാനിക്കുന്നതിനും ക്രിയാത്മകമായ സാമൂഹിക ജീവിതം കെട്ടിപ്പടുക്കുന്നതിനും ഉതകുമെന്ന് നാം വിശ്വസിക്കുന്നു.

അതുകൊണ്ട്, പരസ്പരാശ്രിതരും എന്നാൽ സ്വന്തം പാരമ്പര്യത്തിലും വിശ്വാസ പ്രമാണങ്ങളിലും നിലയുറപ്പിച്ചിരിക്കുന്നവരുമെന്ന നിലയിൽ നാം ലോകസമൂഹത്തിന്റെ നന്മയ്ക്കായി ഒന്നിക്കുന്നു.

നീതിയുടെയും സമാധാനത്തിന്റെയും സംസ്ക്കാരങ്ങൾ കെട്ടിപ്പടുക്കുവാൻ നമ്മൾ ഒന്നിക്കുന്നു.

ഈ ഭൂമിയുടെ സൗഖ്യത്തിനും സംരക്ഷണത്തിനുമായി നാം ഒന്നിക്കുന്നു.

അനുരഞ്ജനത്തിനും സംഘർഷദൂരീകരണത്തിനും സൗഖ്യത്തിനുമുതകുന്ന സുരക്ഷിതസ്ഥലം ഒരുക്കുന്നതിനായി നാം ഒന്നിക്കുന്നു.

രാജ്യാന്തര നിയമം അനുശാസിക്കുന്ന പ്രകാരമുള്ള മതസ്വാതന്ത്ര്യത്തിനും ആദ്ധ്യാത്മ പ്രകാശനവും, വ്യക്തികൾക്കും സമൂഹത്തിനുമുള്ള അവകാശങ്ങളും പരിരക്ഷിക്കുന്നതിനും നാം ഒന്നിക്കുന്നു.

നാം ഉൾപ്പെട്ടു നിൽക്കുന്ന മതങ്ങളും ആദ്ധ്യാത്മ പ്രസ്ഥാനങ്ങളും പ്രാദേശിക സംസ്കൃതികളും ഉയർത്തിപ്പിടിക്കുന്ന ജീവിത മൂല്യങ്ങളും ആത്മിക ജ്ഞാനവും, ലോകസമൂഹങ്ങൾ നേരിടുന്ന രാഷ്ട്രീയ, സാമ്പത്തിക സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങളെയും വെല്ലുവിളികളെയും ക്രിയാത്മകമായി സ്വാധീനിക്കുവാൻ തക്കവണ്ണം ഉത്തരവാദിത്വമുള്ള സഹകരണ പ്രവർത്തനങ്ങൾക്കായി നാം ഒന്നിക്കുന്നു.

എല്ലാ ജനങ്ങൾക്കും, പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ട, അവകാശങ്ങൾക്കായി ശബ്ദമുയർത്താനാവാത്ത ജനസമൂഹങ്ങൾക്ക്, ആഗോളതലത്തിൽ തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടി നാം ഒന്നിക്കുന്നു.

ജീവിതത്തിന്റെ, ഏതു സാഹചര്യങ്ങളിലും അനുഗ്രഹങ്ങളുടെ ആനന്ദവും അറിവിന്റെ വെളിച്ചവും കൊണ്ടാടുന്നതിനും നാം ഒന്നിക്കുന്നു

അക്രമരഹിതവും അനുകമ്പാപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ ലോകസമൂഹം, സത്യത്തിന്റെ (പരമാർത്ഥ ദർശനത്തിന്റെ) ആഴങ്ങളിലേക്ക് ഉണർത്തപ്പെടുന്നതിനും, ദുഷ്ക്കരമായ ജീവിത സാഹചര്യങ്ങളിൽ സ്നേഹവും നീതിയും വെളിപ്പെടുത്തുന്നതിനും ഉതകുമാറ് നമ്മുടെ കൂട്ടായ വിഭവശേഷി ഉപയോഗിക്കുവാൻ നാം ഒന്നിക്കുന്നു.

**ഉദ്ദേശ്യം (Purpose)**

മതങ്ങൾ തമ്മിൽ ശാശ്വതമായ സൗഹാർദ്ദവും സഹവർത്തിത്വവും ഉറപ്പുവരുത്തുക, മതപ്രേരിതമായ അക്രമങ്ങൾക്ക് അറുതി വരുത്തുക, സമാധാനത്തിലും നീതിയിലും സർവ്വചരാചരങ്ങളുടെയും സൗഖ്യത്തിലും അധിഷ്ഠിതമായ ഒരു സംസ്ക്കാരം സൃഷ്ടിക്കുക എന്നതത്രേ URI യുടെ ഉദ്ദേശ്യം.

**പ്രമാണങ്ങൾ (Principles)**

1. URI ഒരു മതമല്ല, മതങ്ങളെ പരസ്പരം കൂട്ടിയിണക്കുന്ന പ്രസ്ഥാനമത്രേ (a bridge-building organization)
2. ഓരോ മതത്തിന്റെയും ആദ്ധ്യാത്മാവിഷ്ക്കാരത്തിന്റെയും മൗലിക സംസ്കൃതിയുടെയും പരമവും വിശുദ്ധവുമായ ജ്ഞാനത്തെ URI ആദരിക്കുന്നു.
3. വിവിധ മതങ്ങൾ തമ്മിലും ആദ്ധ്യാത്മിക പ്രകാശനങ്ങൾ തമ്മിലും പ്രാദേശിക സംസ്കൃതികൾ/പാരമ്പര്യങ്ങൾ തമ്മിലുമുള്ള അന്തരം URI ആദരിക്കുന്നു.
4. സ്വന്തം വിശ്വാസ പാരമ്പര്യങ്ങളിൽ ആഴമായ അറിവു നേടുവാൻ URI അംഗങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
5. അന്യോന്യം കൂടുതൽ അറിയുന്നതിനും പരസ്പരമുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഞങ്ങൾ ആദരവോടെ അന്യോന്യം സംസാരിക്കുകയും അന്യോന്യം ശ്രവിക്കുകയും ചെയ്യുന്നു.
6. ഞങ്ങൾ ആഥിത്യം നൽകുകയും സ്വീകരിക്കുകയും ചെയ്യുന്നു.
7. ദൈവദത്തമായ വൈവിധ്യത്തെ ആദരിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതോടൊപ്പം വേർതിരിവിനെ നിർമ്മൂലമാക്കുന്ന പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നു.
8. URI യുടെ എല്ലാ മേഖലകളിലും തുല്യമായ സ്ത്രീപുരുഷ പങ്കാളിത്തം ഞങ്ങൾ ആചരിക്കുന്നു.
9. സംഘർഷ ദൂരീകരണത്തിന് ഹിംസയെ

അവലംബിക്കാതെ അനുരഞ്ജനത്തിന്റെയും സൗഖ്യത്തിന്റെയും പാത തേടുന്നു.

10. ഇന്നത്തെ തലമുറയ്ക്കും ഭാവിതലമുറയ്ക്കും വേണ്ടി ഭൂമിയെ പരിരക്ഷിക്കുവാനുതകുന്ന ആധികാരികമായ പാരിസ്ഥിതികചര്യകളാണ് ഞങ്ങൾ അനുവർത്തിക്കുന്നത്.

11. മതസൗഹാർദ്ദത്തിനും കൂട്ടായ്മയ്ക്കുമുള്ള ഇതര ശ്രമങ്ങളെ കണ്ടെത്തുകയും സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

12. URIയുടെ ആശയങ്ങളോടും (Preamble) പ്രമാണങ്ങളോടും ലക്ഷ്യങ്ങളോടും ആഭിമുഖ്യം പുലർത്തുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും സമിതികളെയും ഞങ്ങൾ അംഗങ്ങളായി സ്വാഗതം ചെയ്യുന്നു.

13. ഏറ്റവും പ്രാദേശിക തലത്തിൽപ്പോലുമുള്ള URI സംബന്ധമായ സകല വിഷയങ്ങളിലും ഉചിതമായ തീരുമാനമെടുക്കുവാനുള്ള അധികാരം ഞങ്ങൾക്കുണ്ട്. URI അവതാരികയ്ക്കും പ്രമാണങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും അനുയോജ്യവും പ്രസക്തവുമായ വിധത്തിൽ, ഏതു തരത്തിലും ഏതു നിലയിലും ഏതു സ്ഥലത്തും ഏതു പ്രശ്നത്തെയോ പ്രവർത്തനത്തെയോ അവലംബിച്ചും സംഘടിക്കുന്നതിനുള്ള അവകാശം ഞങ്ങൾക്കുണ്ട്.

15. URI ഓരോ തലത്തിലും ചെയ്യുന്ന പര്യാലോചനകളിലും എടുക്കുന്ന തീരുമാനങ്ങളിലും ഒരു വിഭാഗത്തിനും മേൽക്കൈ (ആധിപത്യം) ഉണ്ടായിരിക്കുകയില്ല എന്നു മാത്രമല്ല, അവ പ്രസക്തമായ താല്പര്യങ്ങളുടെ വൈവിധ്യത്തെ യുക്തമായി പ്രതിനിധാനം ചെയ്യുന്നതുമായിരിക്കും.

16. URI യുടെ ആദർശങ്ങളും പ്രമാണങ്ങളും പ്രാവർത്തികമാക്കുന്നതിനും ഉദ്ദേശ്യനിവൃത്തിക്കും വേണ്ടിയല്ലാതെ URIയുടെ ഏതെങ്കിലും സ്വയംഭരണാധികാരമോ വിഭവങ്ങളോ ഉപേക്ഷിക്കുന്നതായിരിക്കുകയില്ല.

17. URI യുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നതിനും ആവശ്യമായ സാമ്പത്തിക, വിഭവസമാഹരണം URI യുടെ ഉത്തരവാദിത്വമായിരിക്കും.

18. ഉന്നതമായ ധാർമ്മിക നിലവാരം പുലർത്തുന്നതിനും വിഭവങ്ങൾ കരുതലോടെ ഉപയോഗിക്കുന്നതിനും സത്യസന്ധവും നീതിപൂർവ്വകവുമായി വിവരങ്ങൾ കൈമാറുന്നതിനും URI പ്രതിജ്ഞാബദ്ധമാണ്.

19. സംഘാടനാപരമായ നവീകരണങ്ങൾക്കും കാലാനുഗുണമായ മാറ്റത്തിനും URI പ്രതിജ്ഞാബദ്ധമാണ്.

20. ഭാഷകളുടെ വൈവിദ്ധ്യവും തനിമയും സമൃദ്ധിയും ഞങ്ങൾ ആദരിക്കുന്നു. URI പങ്കാളികൾക്ക് URI ചാർട്ടറും നിയമാവലികളും അനുബന്ധരേഖകളും, URI ചട്ടങ്ങൾക്കും ഉദ്ദേശത്തിനും അനുസൃതമായും URIയുടെ സത്തയെ ഉൾക്കൊണ്ടുകൊണ്ടും, പരിഭാഷപ്പെടുത്തുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള അവകാശവും ഉത്തരവാദിത്വവുമുണ്ടായിരിക്കും.

21. URIയുടെ അംഗങ്ങളെ മതപരിവർത്തനം ചെയ്യിക്കുകയോ ഏതെങ്കിലും ആചാരനുഷ്ഠാനങ്ങളിൽ നിർബന്ധപൂർവ്വം പങ്കെടുപ്പിക്കുകയോ ചെയ്യുന്നതല്ല.

**സംഘടനാപരമായ രൂപരേഖ (Organisation Disgn)**

പ്രാദേശികതലത്തിലും ആഗോളതലത്തിലും മതസൗഹാർദ്ദവും സഹവർത്തിത്വവും വളർത്തുവാൻ അസാധാരണ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും അവകാശത്തെക്കുറിച്ചും ബോധ്യമുള്ള ഉന്നതമായ ആദർശങ്ങളും മൂല്യങ്ങളും കൈമുതലാക്കി പ്രവർത്തിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയാണ് URI. URIയുടെ അഭിവാജ്യഘടകങ്ങളായ ലോകമെമ്പാടുമുള്ള ചെറുസംഘങ്ങൾ (groups) സമൂഹത്തിന്റെ പൊതുനന്മയ്ക്കും താല്പര്യത്തിനുമായി വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നന്നു.

URIൽ അംഗത്വം തേടുന്ന വ്യക്തികളും സംഘടനകളും പുതുതായി ഒരു കോ-ഓപ്പറേഷൻ സർക്കിളിന് (CC) രൂപം കൊടുക്കുകയോ നിലവിലുള്ള കോ-ഓപ്പറേഷൻ സർക്കിളിൽ ചേരുകയോ ചെയ്യുന്നു. മതസൗഹാർദ്ദവും പരസ്പരസഹവർത്തിത്ത്വവും സാധ്യമാക്കുന്നതിനുള്ള വ്യക്തികളുടെ കൂട്ടായ്മകളായതിനാലാണ് ഇത്തരം ഗ്രൂപ്പുകളെ കോ-ഓപ്പറേഷൻ സർക്കിൾ (CC) എന്നു വിളിക്കുന്നത്. ഓരോ URI. സർക്കിളും, തങ്ങളുടെ തനതായ ഉദ്ദേശ്യവും അംഗത്വ വ്യവസ്ഥകളും URIയുടെ പൊതുവായ പ്രമാണങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുയോജ്യമായ താല്പര്യങ്ങളും എന്തെല്ലാമെന്ന് തീരുമാനിക്കുന്നു. ഒരു കോ-ഓപ്പറേഷൻ സർക്കിൾ മറ്റ് കോ-ഓപ്പറേഷൻ സർക്കിളുമായി ചേർന്ന് തങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുവെങ്കിൽ അതൊരു മൾട്ടിപ്പിൾ കോ-ഓപ്പറേഷൻ സർക്കിളിന് (MCC) രൂപം നൽകുന്നു. രണ്ടോ അതിലധികമോ മൾട്ടിപ്പിൾ കോ-ഓപ്പറേഷൻ സർക്കിളുകൾ ഏകോപിപ്പിച്ചു പ്രവർത്തിച്ചാൽ ഒരു മൾട്ടി-മൾട്ടിപ്പിൾ കോ-ഓപ്പറേഷൻ സർക്കിൾ-– (MMCC) രൂപം കൊള്ളുകയായി. (ചിത്രം പേജ് 9)

ഓരോ കോ-ഓപ്പറേഷൻ സർക്കിളിനും സ്ഥിരതയും വൈവിദ്ധ്യവും ഉറപ്പു വരുത്തുന്നതിന് കുറഞ്ഞത് മൂന്ന് (3) വ്യത്യസ്ത മതങ്ങളിൽ നിന്ന് വിഭിന്ന പാരമ്പര്യങ്ങളിൽ നിന്നുമുള്ള ഏറ്റവും കുറഞ്ഞത് ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**അംഗങ്ങളുടെ അവകാശങ്ങൾ (Rights of Members)**

ഓരോ URI സർക്കിളിനും (CC) താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:

URI യുടെ അവതാരികയ്ക്കും (preamble) ചട്ടങ്ങൾക്കും ഉദ്ദേശ്യത്തിനും യോജ്യമായ വിധത്തിൽ ഏതെങ്കിലും വിഷയത്തെയോ പ്രവർത്തനത്തെയോ സംബന്ധിച്ച് ഏതുവിധത്തിലും സംഘടിക്കുന്നതിന്.

URI യുടെ അവതാരികയ്ക്കും (Preamble) പ്രമാണങ്ങൾക്കും ഉദ്ദേശ്യത്തിനും അനുസൃതമായി സ്വയം തിരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഭരണസംവിധാനം രൂപീകരിക്കുന്നതിനും.

മറ്റു URI സർക്കിളുകളോടു ചേരുന്നതിനോ യോചിച്ചുപ്രവർത്തിക്കുന്നതിനോ.

ഗ്ലോബൽ കൗൺസിലിലേക്കുള്ള (G.C) ട്രസ്റ്റിമാരെ തിരഞ്ഞെടുക്കുന്നതിൽ ഭാഗഭാക്കാക്കുന്നതിന്

URI യുടെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി URI യിൽ അംഗത്വമെടുക്കുവാൻ താല്പര്യപ്പെടുന്ന വ്യക്തികളുടെയോ സംഘടനയുടെയോ അപേക്ഷകൾ URI യ്ക്കു വേണ്ടി പരിശോധിച്ചു സ്വീകരിക്കുന്നതിന്.

**അംഗങ്ങളുടെ ചുമതലകൾ (Responsibilities of Members)**

ഓരോ URI സർക്കിളും താഴെപ്പറഞ്ഞിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതാണ്.

URI യുടെ ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും ഉദ്ദേശ്യത്തിനും അനുസൃതമായി പ്രവർത്തിക്കുന്നതിന്.

URI ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും ഉദ്ദേശ്യത്തിനും അനുസൃതമായി തീരുമാനങ്ങൾ സ്വയം കൈകൊള്ളുന്നതിനും ഭരണസംവിധാനം രൂപപ്പെടുത്തുന്നതിനും

അംഗങ്ങൾ URIചട്ടങ്ങൾക്കും (Preamble) പ്രമാണങ്ങൾക്കും ഉദ്ദേശ്യത്തിനും വിധേയമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും അവരെ അതിനു പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന്;

URI ചട്ടങ്ങൾക്ക് അനുസൃതമായി URI യുടെ ഉദ്ദേശ്യങ്ങൾ നിവർത്തിക്കുന്നതിന് ക്രിയാത്മകമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന്.

URI യുടെ കർമ്മമണ്ഡലത്തിൽ ഉരുത്തിരിയുന്ന പ്രവർത്തന സമ്പ്രദായങ്ങളോടും നിയമാവലികളോടും പ്രതിബദ്ധത പുലർത്തുന്നതിന്.

URI യുടെ ഇതര ഘടകങ്ങളുമായി പ്രവർത്തനരീതികളും പ്രധാനകാര്യ പരിപാടികളും അനുഭവങ്ങളും പങ്കുവച്ച് നല്ല ആശയവിനിമയം പുലർത്തുന്നതിന്.

സ്വന്തം (CC) ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുന്നതിന്.

ഇതര സർക്കിളുകളുടെ ആവശ്യപൂരണത്തിനായി സാമ്പത്തിക സാമ്പത്തികേതര വിഭവങ്ങൾ പങ്കുവയ്ക്കുന്നതിന്.

കുടിശ്ശികകൾ തീർക്കുന്നതിനും ഗ്ലോബൽ കൗൺസിലിന്റെ രൂപീകരണത്തിലേക്ക് ഉചിതമായ ധനസഹായം നൽകുന്നതിന്.

പ്രവർത്തനങ്ങളെയും ധനവിനിയോഗത്തെയും അംഗങ്ങളെയും സംബന്ധിച്ചുള്ള കൃത്യവും ആനുകാലികവുമായ രേഖകൾ സൂക്ഷിക്കുന്നതിന്.

URI യുടെ ഏതെങ്കിലും വ്യവസ്ഥകളുടെയോ ചട്ടങ്ങളുടെയോ പ്രവർത്തന സമ്പ്രദായങ്ങളുടെയോ ലംഘനം കൊണ്ട് ഒരു URI സർക്കിൾ വരുത്തിവയ്ക്കുന്ന ബാധ്യതകളിൽ നിന്ന് URI യെയും ട്രസ്റ്റിമാരെയും URI പ്രവർത്തകരെയും പ്രതിനിധികളെയും സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കുന്നതിനും.

**അംഗത്വത്തിനുള്ള അപേക്ഷ (Application for Memebrship)**

വ്യക്തികളും സംഘടനകളും സമിതികളും തങ്ങളുടേതായ കോ-ഓപ്പറേഷൻ സർക്കിളുകൾ രൂപീകരിച്ച് അംഗത്വത്തിനായി ഗ്ലോബൽ കൗൺസിലിലേക്കോ, അല്ലെങ്കിൽ നിലവിലുള്ള MCC യിലേക്കോ MMCC യിലേക്കോ നേരിട്ട് അപേക്ഷിക്കേണ്ടതാണ്.

**സഹകാരികൾ (Affiliates)**

URI ചട്ടങ്ങളെയും (Preamble), പ്രമാണങ്ങളെയും ഉദ്ദേശ്യത്തെയും അംഗീകരിക്കുകയും പിന്താങ്ങുകയും ചെയ്യുന്ന വ്യക്തികൾക്കും സംഘടനകൾക്കും സമിതികൾക്കും URI സഹകാരികളാകാവുന്നതാണ്. സഹകാരികൾക്ക് URI പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അതിൽ പങ്കെടുക്കുന്നതിനും സാധിക്കുമെങ്കിലും URI അംഗത്വത്തിന്റെ അവകാശങ്ങളും ചുമതലകളും ലഭിക്കുന്നതല്ല. URIയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും ആശയവിനിമയ സങ്കേതങ്ങൾ (Communication network) പ്രയോജനപ്പെടത്തുന്നതിനും ഒരു നിശ്ചിത തുക ഫീസായി സഹകാരികൾ നൽകേണ്ടതാണ്. URI സഹകാരികളാകുവാൻ ആഗ്രഹിക്കുന്നവർ ഗ്ലോബൽ കൗൺസിലിലേക്കോ ഒരു URI സർക്കിളിലേക്കോ അപേക്ഷിക്കേണ്ടതാണ്.

**ഗ്ലോബൽ കൗൺസിൽ (Global Council -GC)**

URIയുടെ ദർശനങ്ങളും (Preamble) മൂല്യങ്ങളും ഉദ്ദേശ്യങ്ങളും യാഥാർത്ഥ്യമാക്കുവാൻ അംഗങ്ങളെ സഹായിക്കുക എന്നുള്ളതാണ് ഗ്ലോബൽ കൗൺസിലിന്റെ ഉദ്ദേശ്യം. ഗ്ലോബൽ കൗൺസിലിന്റെ കേന്ദ്രത്വം നിയന്ത്രിക്കുക എന്നുള്ളതല്ല, മറിച്ച് ലോകമെമ്പാടുമുള്ള URI സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കുമാറ് സേവനം ചെയ്യുക എന്നുള്ളതത്രേ. URI സമൂഹത്തെ പരസ്പരസഹകരണത്തിലൂന്നിയുള്ള ആഗോള കർമ്മ പരിപാടികൾക്കായി സജ്ജമാക്കുകയും ഉത്സുകരാക്കുകയും ചെയ്യുന്നത് ഗ്ലോബൽ കൗൺസിലാണ്. URIയുടെ പ്രവർത്തന പദ്ധതികളും പര്യാലോചനകളും, മനുഷ്യസമൂഹത്തോടു മൊത്തമായും തമ്മിൽത്തമ്മിലുള്ള സ്നേഹവായ്പിനാൽ ഊഷ്മളമായിരിക്കണം എന്ന ദർശനമാണ് G Cയ്ക്കുള്ളത്. സമാധാനത്തിനും നീതിയ്ക്കും ലോകത്തിന്റെ സൗഖ്യത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു ക്രീയാത്മകശക്തിയായി തീരുക എന്ന URI സമൂഹത്തിന്റെ അഭിലാഷങ്ങളെ പോഷിപ്പിക്കുവാൻ

ഉതകുന്ന കർമ്മ പദ്ധതികൾ ഗ്ലോബൽ കൗൺസിൽ ആവിഷ്കരിക്കുന്നു.

URI യുടെ ആവശ്യങ്ങൾ നേടുന്നതിനാവശ്യമായ സാമ്പത്തിക വിഭവ സമാഹരണം ഗ്ലോബൽ കൗൺസിലിന്റെ ചുമതലയാണ്. ഗ്ലോബൽ കൗൺസിൽ URI അംഗത്വത്തിനു യോഗ്യരായ അപേക്ഷകരെ സ്വീകരിക്കുകയും URIയുടെ പ്രവർത്തന പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നു.

**ഗ്ലോബൽ കൗൺസിൽ ട്രസ്റ്റിമാർ**

ട്രസ്റ്റി എന്ന പദം വിവരിക്കുന്നത് ആഗോള URI സമൂഹത്തിന്റെ വിശ്വാസവും പ്രതീക്ഷകളും ട്രസ്റ്റിമാരിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നത്രേ. കർമ്മപദ്ധതികളിലൂടെ URIയുടെദർശനവും മൂല്യങ്ങളും പ്രകാശിപ്പിക്കുന്ന, സേവനത്തിനും നേതൃത്വഗുണത്തിനും മാതൃക കാട്ടുന്ന അനുകരണീയ വ്യക്തികളാണ് ട്രസ്റ്റിമാർ. ആഗോള URI സമൂഹത്തെ സേവിക്കുവാൻ അവർ പ്രതിജ്ഞാബദ്ധരത്രേ.

**ഗ്ലോബൽ കൗൺസിൽ രൂപീകരണം (Composition of the GC)**

(ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള) 8 മേഖലകളിൽ നടത്തുന്ന തിരഞ്ഞെടുപ്പുകളിലൂടെ പരമാവധി 24 ട്രസ്റ്റിമാരെ ആഗോള URI സമൂഹം തിരഞ്ഞെടുക്കുന്നു.

ഗ്ലോബൽ കൗൺസിൽ പരമാവധി 12 ട്രസ്റ്റിമാരെ കൂടുതൽ വൈവിധ്യത്തിനുവേണ്ടിയും ഏതെങ്കിലും പ്രത്യേക ദൗത്യത്തിനുവേണ്ടിയും തിരഞ്ഞെടുക്കുന്നു.

നിലവിലുള്ള URI ബോർഡ് ഡയറക്ടർമാർ അംഗങ്ങളായുള്ള ഒരു ട്രാൻസിഷൻ അഡ്വൈസറി കമ്മറ്റിയിൽ നിന്ന് പരമാവധി 3 ട്രസ്റ്റിമാരെ നാമനിർദേശം ചെയ്യുന്നു. ഈ ട്രാൻസിഷൻ അഡ്വൈസറി കമ്മറ്റി 2005 ജൂൺ മാസം വരെ തുടരുന്നതായിരിക്കും.

URI സ്ഥാപകൻ എന്ന അതുല്യപദവി അലങ്കരിക്കുന്നത് ഒരു സ്ഥാപക ട്രസ്റ്റിയായിരിക്കും.

URI സ്റ്റാഫിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന ഒരു എക്സിക്യൂട്ടീവ് ട്രസ്റ്റി ഉണ്ടായിരിക്കും.

**ട്രസ്റ്റിമാരുടെ തിരഞ്ഞെടുപ്പു പ്രക്രിയ (Selection process for trustees)**

ഗ്ലോബൽ കൗൺസിൽ ലോകത്തിന്റെ ഭൂമിശാസ്ത്ര പരവും വീക്ഷണപരവുമായ വൈവിധ്യത്തെ പ്രതിനിധാനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ, 24 അംഗങ്ങൾ തിരഞ്ഞെടുപ്പിലൂടെയാണ് ട്രസ്റ്റിമാരുടെ പദവിയിലെത്തുന്നത്. ഭൂമിശാസ്ത്രപരമായ ഏതെങ്കിലും ഒരു മേഖലയിലുള്ള URI സർക്കിളുകൾക്ക് താഴെപ്പറയുന്ന 8 വിവിധ മേഖലകളിൽ നിന്ന് പരമാവധി 3 ട്രസ്റ്റിമാരെ തിരഞ്ഞെടുക്കാവുന്നതാണ്. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, കരീബിയൻ ദ്വീപുകളും ലാറ്റിൻ അമേരിക്കയും, മധ്യപൂർവ്വേഷ്യ, നോർത്ത് അമേരിക്ക, പസഫിക്ക് എന്നിവയാണ് 8 മേഖലകൾ. ഭൂമിശാസ്ത്രപരമല്ലാത്ത എട്ടാമത്തെ മേഖലയിലുള്ള URI സർക്കിളുകൾ ഘടനയിൽ ബഹുമേഖലാ സ്വഭാവമുള്ളതാണ്.പരമാവധി വൈവിധ്യം ഉറപ്പുവരുത്തുന്നതിനും ഗ്ലോബൽ കൗൺസിലിൽ ഏതെങ്കിലും പ്രത്യേക ദൗത്യത്തിനും വേണ്ടി 12 ട്രസ്റ്റിമാരെ G.C നിയമിക്കുന്നു. ഗ്ലോബൽ കൗൺസിലിലെ സേവനത്തിനായി 2 വർഷത്തിലൊരിക്കൽ ട്രസ്റ്റിമാരെ.തിരഞ്ഞെടുക്കുന്നു.

സേവനസന്നദ്ധതയും ആത്മീക ജ്ഞാനവും സാക്ഷാൽക്കരിക്കുന്ന നേതൃഗുണത്തെക്കുറിച്ചുള്ള ബോധ്യം ദൃഢതരമാക്കുന്ന മൗന, ധ്യാന, പ്രാർത്ഥനാ മാതൃകകൾക്ക് ഭരണകർത്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയുടെ ഭാഗമെന്ന നിലയിൽ പ്രോത്സാഹനം നൽകുന്നു.

**ഗ്ലോബൽ അസംബ്ലി (Gobal Assembly)**

ഗ്ലോബൽ കൗൺസിൽ നിശ്ചയിക്കുന്ന ഒരു സ്ഥലത്തുവച്ച് 2 വർഷത്തിലൊരിക്കൽ URI യുടെഎല്ലാ അംഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഗ്ലോബൽ അസംബ്ലി ക്രമീകരിക്കുന്നു. അത്യന്തം ഊർജ്ജസ്വലമായ ഈ കൂടിവരവിൽ, URI ചട്ടങ്ങൾക്കും പ്രമാണങ്ങൾക്കും ഉദ്ദേശ്യത്തിനും അനുസൃതമായി ജീവിക്കുന്ന ഒരു ആഗോള സമൂഹമെന്നനിലയിൽ URI അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ കൂടുതൽ അർത്ഥവത്താക്കുന്നു. മാത്രമല്ല, ഈ ഗ്ലോബൽ അസംബ്ലിയിൽ വെച്ച് URI സംരംഭങ്ങളെയും സ്വപ്നങ്ങളെയും മുന്നോട്ടു നയിക്കുന്നതിനുള്ള ഓരോരുത്തരുടെയും കഴിവ് വിലയിരുത്തപ്പെടുകയും, ലോകക്ഷേമത്തിനായുള്ള കൂട്ടായ ശ്രമങ്ങൾക്ക് ഒരു ദർശനരേഖരൂപപ്പെടുത്തുകയും, URI സമൂഹത്തിന്റെ കൂട്ടായ ആശയഭിലാഷങ്ങൾക്ക് കരുത്തു പകരുകയും ചെയ്യുന്നു. അത്ഭുതപൂർവ്വമായ പരസ്പര സഹവർത്തിത്വത്തിനായി അംഗങ്ങളെ ആഹ്വാനം ചെയ്യുന്നതും സംഘടിതശക്തിയുടെ അനന്തസാധ്യതകൾ ആരായുന്നതും ഈ ഗ്ലോബൽ അസംബ്ലിയിൽ വെച്ചാണ്. ഗ്ലോബൽ അസംബ്ലി URI യുടെ സമഗ്രതയെ കൊണ്ടാടുകയും, പരസ്പരം സഹായിക്കുന്നതിനും പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും അന്യോന്യം ആതിഥ്യം നൽകുന്നതിനും സ്വീകരിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

**പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖ (Guidelines for action)**

അംഗങ്ങൾക്ക് പരിപൂർണ്ണ പ്രവർത്തസ്വാതന്ത്ര്യം നൽകുന്ന URI യുടെ സ്വയംസംഘടിത സ്വഭാവം കണക്കിലെടുത്ത് URI പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

ജീവന്റെ സുരക്ഷിതത്വത്തിനും സന്തോഷത്തിനും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുക. എന്നർത്ഥം വരുന്ന മെമായുഹായുനിങ് ബവാനോ (Memayu Hayuning Bawano) എന്ന ജാവനീസ് പ്രയോഗത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് URI ഒരു ധാർമ്മിക ശബ്ദമായും, താഴെപ്പറയുന്ന ഓരോ മേഖലയെക്കുറിച്ചുമുള്ള വിചിന്തനത്തിൽ അധിഷ്ഠിതമായ ഒരു പ്രവർത്തന സ്രോതസ്സായും നിലകൊള്ളുന്നതാണ്.

വിശ്വാസപാരമ്പര്യങ്ങളുടെ സംസ്കൃതിയും ആത്മിക ജ്ഞാനവും പങ്കുവയ്ക്കൽ -ലോകത്തിലെ വൈവിധ്യമാർന്ന മതവിശ്വാസങ്ങൾ തമ്മിലും ആദ്ധ്യാത്മപാരമ്പര്യങ്ങൾ തമ്മിലും ദൃഢബന്ധവും ആരോഗ്യകരമായ സംവാദവും വളർത്തുവാൻ ഉതകുന്ന പ്രവർത്തനങ്ങൾക്കു രൂപം കൊടുക്കുക.

സമാധാനത്തിന്റെയും സൗഖ്യത്തിന്റെയും സംസ്ക്കാരം പരിപോഷിപ്പിക്കൽ - എല്ലാ ജനങ്ങൾക്കും അക്രമഭീതി കൂടാതെ ജീവിക്കുവാൻ സാധ്യമാകുന്ന സംസ്ക്കാരം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു രൂപം കൊടുക്കുക.

അവകാശങ്ങളും ചുമതലകളും - മനുഷ്യാവകാശ സംരക്ഷണത്തിനുതകുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുക.

പാരിസ്ഥിതികമായ ആവശ്യങ്ങൾ - സകല ജീവജാലങ്ങൾക്കും സൗഖ്യവും നന്മയും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ.

നിലനില്ക്കുന്നതും നീതിപൂർവ്വകവുമായ സമ്പദ് വ്യവസ്ഥ - സമ്പന്നനും ദരിദ്രനും തമ്മിലുള്ള ഭീമമായ അന്തരം ദൂരീകരിക്കുന്നതിന് ഒരു ആത്മികമാനം നൽകുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ.


URI യുടെ ആകമാനമുള്ള നന്മ - പ്രാദേശികതലത്തിലും ദേശീയ തലത്തിലും ആഗോളതലത്തിലുമുള്ള URI പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

## സംഘടനാ രൂപരേഖ - URI യുടെ കൂട്ടായ നിർമ്മാണം
## (Organization design - Building the URI together)


**മൾട്ടിപ്പിൾ കോ-ഓപ്പറേഷൻ സർക്കിളുകൾ (MCCS)**

പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ദൃഢവും ഏകോപന സ്വഭാവമുള്ളതുമായ ഒരു ഘടന സൃഷ്ടിക്കുന്നതിനും മൂന്നോ അതിൽ അധികമോ കോ-ഓപ്പറേഷൻ സർക്കിളുകൾ ഒന്നിച്ചുചേർന്ന് URI ഉണ്ടാകുന്ന ഗ്രൂപ്പുകളാണ് മൾട്ടിപ്പിൾ കോ-ഓപ്പറേഷൻ സർക്കിളുകൾ.


**മൾട്ടി-മൾട്ടിപ്പിൾ കോർപ്പറേഷൻ സർക്കിളുകൾ (MMCCS)**




കൂടുതൽ പ്രവർത്തനക്ഷമതയ്ക്കും കൂടുതൽ നിലനില്ക്കുന്നതും ദൃഢവുമായ ഒരു ഘടന രൂപീകരിക്കുവാൻ രണ്ടോ അതിലധികമോ MCC കൾ ചേരുമ്പോൾ MMCCA ഉണ്ടാകുന്നു.




**കോ-ഓപ്പറേഷൻ സർക്കിളുകൾ (CCS)**




MCUL യുടെ അടിസ്ഥാന യൂണിറ്റാണ് CC. URI-ൽ അംഗത്വം തേടുന്ന വ്യക്തികളും, സംഘടനകളും സമിതികളും പുതിയ CC കൾ ഉണ്ടാക്കുകയോ നിലവിലുള്ളവയിൽ ചേരുകയോ ചെയ്ത് അംഗത്വത്തിന്റെ അവകാശങ്ങളും ചുമതലകളും കരസ്ഥമാക്കുന്നു.




**ഗ്ലോബൽ അസംബ്ലി**

URI അംഗങ്ങൾ ചേർന്നു തെരഞ്ഞെടുക്കുന്ന ട്രസ്റ്റിമാരാണ് GCയിലുള്ളത്. URI യുടെ കേന്ദ്രമൂല്യങ്ങളുടെ (സാരസംഗ്രഹമായ മൂല്യങ്ങളുടെ) കാര്യവിചാരകന്മാരാണ് G.C. ട്രസ്റ്റിമാർ. ഈ ട്രസ്റ്റിമാർ ലോക URI സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്ക് ചിറകു നൽകുകയും URI യുടെ മൊത്തം നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യുന്നു. സഹകാരികൾ - URI യുടെ ചട്ടങ്ങളും പ്രമാണങ്ങളും ഉദ്ദേശ്യവും അംഗീകരിക്കുകയും അവയെ പിന്താങ്ങുകയും ചെയ്യുന്ന വ്യക്തികളും, സംഘടനകളും സമിതികളും URI സഹകാരികളാണ്. ഈ സഹകാരികളെ URIയുടെ പ്രവർത്തനങ്ങളിലേക്കും ആശയവിനിമയ ശൃംഖലയിലേക്കും സ്വാഗതം ചെയ്യുന്നു. എന്നാൽ URI സർക്കിളിന്റെ അവകാശങ്ങളും ചുമതലകളും അവർക്കു ലഭ്യമല്ല.

Chief Editor : Dr. Abraham Karickam. Edited, Printed and published by Jigi. P. Mathew at Anu Offset Press, Karickam (for private circulation only)